# പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ 265.

02.04.2013 ൽ മറുപടിക്ക്

### വിലക്കയറ്റം ഉണ്ടാക്കുന്ന പ്രത്യാഘാതങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ കെ. രാധാകൃഷ്ണൻ:<br>" എം.എ. ബേബി:<br>" വി. ശിവൻകുട്ടി:<br>" പുരുഷൻ കടലുണ്ടി: | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| (എ) കേന്ദ്രസർക്കാർ തുടർന്നു വരുന്ന സാമ്പത്തിക നടപടികൾക്കൊപ്പം ചരക്കുകടത്തുകൂലി നിരക്ക് വർദ്ധനവും ഡീസലിന്റെ വില മാസന്തോറും അൻപതു പൈസ വച്ച് കൂട്ടാനുള്ള തീരുമാനവും ഉണ്ടാക്കുന്ന പ്രത്യാഘാതങ്ങൾ ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് പരിശോധിച്ചിട്ടുണ്ടോ;<br><br>(ബി) വിലക്കയറ്റം മൂലം കഷ്ടപ്പെടുന്ന ജനങ്ങളെ ഇത് കൂടുതൽ പ്രതിസന്ധിയിലാക്കുമെന്ന കാര്യം പരിഗണിച്ചിട്ടുണ്ടോ; | (എ)<br>(ബി) കേരളം ഒരു ഉപഭോക്തൃ സംസ്ഥാനമാണ്. അന്യസംസ്ഥാനങ്ങളിലുണ്ടാകുന്ന ദൗർലഭ്യം, വിളനാശം, കാലാവസ്ഥ വ്യതിയാനം, ഇന്ധനവിലവർദ്ധന, സർക്കാർ നിശ്ചയിച്ചിട്ടുള്ള തറവിലയിൽ ഉള്ള വർദ്ധനവ് തുടങ്ങിയ കാരണങ്ങളാൽ കേരളത്തിൽ നിത്യോപയോഗസാധനങ്ങൾക്ക് വില വർദ്ധനവ് ഉണ്ടാകാറുണ്ട്. ഡീസലിന് മാസംതോറും അൻപതു പൈസ വില വർദ്ധിപ്പിക്കാനുള്ള തീരുമാനം, കടത്തുകൂലിയിൽ വർദ്ധനവ് വരാനുള്ള സാദ്ധ്യതയുണ്ട്. ഇതുവഴി നിത്യോപയോഗസാധനങ്ങൾക്ക് വില വർദ്ധിക്കാനുള്ള സാദ്ധ്യതയുണ്ട്. |
| (സി) എങ്കിൽ എന്തു പ്രതിവിധിയാണ് നടപ്പാക്കാനുദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ? | (സി) വിപണിയിലുണ്ടാകുന്ന വില വർദ്ധന നിയന്ത്രിക്കുന്നതിനായും അതുവഴി പൊതുജനങ്ങൾക്ക് ആശ്വാസമേകുന്നതിനായും സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേനയുള്ള മാർക്കറ്റിടപെടൽ പദ്ധതി കൂടുതൽ ശക്തിപ്പെടുത്തുകയും ഇത്തരത്തിൽ വിപണിയിൽ കുറഞ്ഞ വലയ്ക്ക് കൂടുതൽ സ്റ്റോക്ക് എത്തിച്ച് വിലവർദ്ധന ഉണ്ടാകുന്ന എല്ലാ സാഹചര്യവും ഒഴിവാക്കുന്നതിനുള്ള |

നടപടികളെടുത്തുവരികയും ചെയ്യുന്നു. നിത്യോപയോഗ സാധനങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനും വിലനിലവാരം പിടിച്ചുനിർത്തുന്നതിനും വേണ്ടി അരി ഉൾപ്പെടെയുള്ള 13 ഇനം അവശ്യസാധനങ്ങൾ പൊതു വിപണിയേക്കാൾ ഏകദേശം 50%വരെ വിലക്കുറവിൽ സപ്ലൈകോ വക മാവേലി/സൂപ്പർ മാർക്കറ്റുകൾ വഴി വിറ്റുവരുന്നു. അരിയും പലവ്യഞ്ജനവും കൂടാതെ എഫ്.എം.സി.ജി. ഉല്പന്നങ്ങൾ മാർക്കറ്റ് വിലയേക്കാൾ 10 മുതൽ 30% വരെ വിലക്കുറവിൽ ഉപഭോക്താക്കൾക്ക് വിതരണം നടത്തുന്നു.

കൂടാതെ 1/- രൂപ, 2/- രൂപ നിരക്കിലുള്ള ഭക്ഷ്യധാന്യ വിതരണ പദ്ധതികൾക്കുപുറമേ പൊതു വിതരണ ശൃംഖല മുഖേന ഒ.എം.എസ്.എസ്. നരക്കിൽ കേന്ദ്രം അനുവദിച്ചിട്ടുള്ള ഉയർന്ന ഗുണനിലവാരമുള്ള അരിയും ഗോതമ്പും വിതരണം ചെയ്യുന്നതും പ്രത്യേക വിഹിതമായി ലഭിക്കുന്ന ധാന്യങ്ങൾ വിതരണം ചെയ്യുന്നതും സംസ്ഥാനത്തെ വിലക്കയറ്റം തടയാൻ സഹായകമാകുന്നു.

സെക്ഷൻ ഓഫീസർ